**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1677** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഹരിതം ഹരിപ്പാട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഹരിതം ഹരിപ്പാട് പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എതെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചതെന്നും ഇനി ഏതെല്ലാം ഘടകങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും അറിയിക്കാമോ ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന “ഹരിതം ഹരിപ്പാട്” പദ്ധതിയുടെ ആദ്യഘട്ട നിർവഹണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ആദ്യഘട്ടത്തിൽ ഹരിപ്പാട് മുനിസിപ്പാലിറ്റിയിലും ചെറുതന ഗ്രാമപഞ്ചായത്തിലും പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ പൂർണ്ണമായി പൂർത്തിയായി. കരുവാറ്റ, പള്ളിപ്പാട് ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.<br><br>ആദ്യഘട്ടത്തിന്റെ ഭാഗമായി വിവിധ പാടശേഖരങ്ങളിൽ തോടിന്റെ ആഴം വർധിപ്പിക്കൽ, പാർശ്വസംരക്ഷണ ഭിത്തി നിർമ്മാണവും ഉയർത്തലും, റാംപ് നിർമ്മാണം, മോട്ടോർ/എഞ്ചിൻ ഷെഡ്, കൾവേർട്ട്, സ്ലൂയ്സ്, പമ്പ് സെറ്റ്, പെട്ടി & പറ സ്ഥാപിക്കൽ, പുല്ല് നീക്കം എന്നിവ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പൂർത്തിയാക്കി.<br><br>ഇനി പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ 15 എണ്ണം ഈമ്പ് പൈപ്പ് സ്ഥാപിക്കുന്നതും, കരുവാറ്റ ഗ്രാമപഞ്ചായത്തിൽ ഒരു കൾവേർട്ടും ഒരു പെട്ടി & പറയും സ്ഥാപിക്കുന്നതുമാണ് ശേഷിക്കുന്ന പ്രവൃത്തികൾ. |
| (ബി) | ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (ബി) | ഹരിതം ഹരിപ്പാട് പദ്ധതിയുടെ 5.5 കോടിരൂപയുടെ രണ്ടാം ഘട്ടം നിലവിൽ ടെൻഡർ ഘട്ടത്തിലാണ്.<br><br>രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഹരിപ്പാട് മുനിസിപ്പാലിറ്റിയും പള്ളിപ്പാട്, കരുവാറ്റ, ചെറുതന ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുത്തി വിവിധ പാടശേഖരങ്ങളിൽ മോട്ടോർ ഷെഡ് നിർമ്മാണം, സംരക്ഷണ ഭിത്തി, റാംപ്, തോട് ആഴപ്പെടുത്തൽ, ഡി-സിൽറ്റിംഗ്, ബോക്സ് കൾവേർട്ട്, പൊതുമട |

| | | | |
|---|---|---|---|
| | | | തുടങ്ങിയ ജലസേചന സൗകര്യ വികസന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ